നെൽകൃഷി വികസനം ലക്ഷ്യമിട്ട് നടപ്പാക്കി വന്നിരുന്ന പദ്ധതികൾ

6 (*696) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നെൽകൃഷി വികസനം ലക്ഷ്യമിട്ട് മുൻകാലത്ത് നടപ്പാക്കി വന്നിരുന്ന വ്യത്യസ്ത പദ്ധതികൾ സംയോജിപ്പിച്ച് ഒരു സമഗ്ര പ്രോജക്ട് നെൽകൃഷി വികസനത്തിനായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നെൽകർഷകർ നെൽകൃഷിയിൽ നിന്നും പിൻമാറാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കി അവരെ പ്രസ്തുത മേഖലയിൽ തുടരാൻ പ്രേരിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ ഇൻസെന്റീവുകളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) വ്യത്യസ്ത പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര പ്രോജക്ട് നെൽകൃഷി വികസനത്തിനായി തയ്യാറാക്കുന്നതിന്റെ ഭാഗമായി 2014-15 വർഷം നെൽകൃഷി വികസനത്തിനായുള്ള നാല് പദ്ധതികൾ (സുസ്ഥിര നെൽകൃഷി വികസനം, പ്രത്യേക നെല്ലിനങ്ങളുടെ വികസനം, പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം) സംയോജിപ്പിച്ച് സമഗ്ര നെൽകൃഷി വികസനം എന്ന പേരിലാണ് നടപ്പിലാക്കുന്നത്.

(ബി) 2014-2015 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടർ ഒന്നിന് ഉത്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നൽകി 1,80,000 ഹെക്ടർ സ്ഥലത്തേക്ക് 2,700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ബസുമതി, ജീരകശാല, ഗന്ധകശാല) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ 200 ലക്ഷം രൂപയുടെ പദ്ധതി രണ്ടായിരം ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി ആലപ്പുഴ, തൃശ്ശൂർ എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി നടപ്പിലാക്കുന്നു. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ ക്രമത്തിൽ 302 ലക്ഷം രൂപയും വകയിരുത്തി നാളിതുവരെ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നു. ഇതിനും പുറമേ ആർ. കെ. വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 15,000 രൂപ സബ്സിഡി നിരക്കിൽ നൽകി നെൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നെൽകൃഷി ഉത്പാദന ബോണസ് നൽകുന്നതിനായി ഹെക്ടറൊന്നിന് 1,000 രൂപ, സീസൺ ഒന്നിന് എന്ന ക്രമത്തിൽ നൽകിവരുന്നു. ആയതിനായി 1243.44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷിക വൈദ്യുതി സൗജന്യപദ്ധതിയും നെൽകൃഷിക്കായി നടപ്പിലാക്കിവരുന്നു. ഇതിനും പുറമേ ഉത്പാദിപ്പിക്കുന്ന നെല്ല് കിലോയ്ക്ക് 19 രൂപ നൽകി സപ്ലൈകോ കർഷകരിൽനിന്നും സംഭരിക്കുന്നുണ്ട്.

പഞ്ചായത്ത് വകുപ്പിൽ ഫയൽ തീർപ്പാക്കൽ

7 (*697) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പഞ്ചായത്ത് ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രമപഞ്ചായത്തുകൾ മുതൽ പഞ്ചായത്ത് ഡയറക്ടറേറ്റ് വരെ ലഭിക്കുന്ന അപേക്ഷകൾ ഏറ്റവും വേഗം തീർപ്പ് കൽപ്പിക്കുന്നതിന് ഡയറക്ടറേറ്റിലേക്ക് നൽകേണ്ട റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഡി.ഡി.പി.കളിൽ നിന്നും ഓൺലൈൻ സംവിധാനംവഴി നിർബന്ധമാക്കി, ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ&ബി) സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ അഞ്ച് വർഷത്തിൽക്കൂടുതൽ പഴക്കമുള്ള ഫയലുകൾ 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ 3 വർഷത്തിനും 5 വർഷത്തിനുമിടയിൽ പഴക്കമുള്ള ഫയലുകൾ എന്നിവ തീർപ്പാക്കുന്നതിന്റെ ഭാഗമായി ഫയൽ അദാലത്ത് സംഘടിപ്പിക്കുകയും 2 ഘട്ടങ്ങളിലായി 601 ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി ഫയലുകൾ തീർപ്പാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly